## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6147

8-7-2014 ൽ

മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| എ) മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണെന്നു വിശദമാക്കുമോ; | എ) സംസ്ഥാന സർക്കാരിന്റെ നയപരിപാടികളെക്കുറിച്ചും മന്ത്രിസഭാ തീരുമാനങ്ങളെക്കുറിച്ചുമുളള വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കുക എന്നതും മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുകയുമാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത വെബ്സൈറ്റ് മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) ഇ-മെയിൽ അധിഷ്ഠിതമായ പൊതുജനസമ്പർക്കം, ഭരണ സുതാര്യത ഉറപ്പാക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ 24 മണിക്കൂർ ലൈവ് വെബ്കാസ്റ്റിങ്, സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട വികസന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുളള വിവരങ്ങളും, മാധ്യമവാർത്തകളും, മുഖ്യമന്ത്രി നിയമസഭയിൽ നടത്തുന്ന പ്രസംഗങ്ങളുടെ അച്ചടിരൂപം, മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുളള പത്രക്കുറിപ്പുകൾ, മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ചുളള വിവരങ്ങൾ ജനസമ്പർക്ക പരിപാടികളെക്കുറിച്ചുളള അറിയിപ്പുകളും മറ്റ് വിവരങ്ങളും, മുഖ്യമന്ത്രിയുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ, സുതാര്യകേരളം എന്നിവയിൽ ഓൺലൈനായി പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാനും പരാതികളുടെ തൽസ്ഥിതിവിവരം അറിയിക്കാനുമുളള സൗകര്യം, സെക്രട്ടേറിയറ്റ് ഫയൽ ട്രാക്കിങ് സൗകര്യം, മുഖ്യമന്ത്രിക്കു നൽകിയ പരാതിയുടെ തൽസ്ഥിതി, മുഖ്യമന്ത്രിയുടെ ജീവചരിത്രം എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്. |
| സി) പ്രസ്തുത വെബ്സൈറ്റിന് കേന്ദ്ര സർക്കാർപുരസ്കാരം ലഭിച്ചിട്ടുണ്ടോ; | സി) ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മികച്ച വെബ്സൈറ്റിനുളള വെബ് രത്ന അവാർഡാണ് ലഭിച്ചത്. |
| ഡി) എന്തടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചതെന്ന് വ്യക്തമാക്കാമോ? | ഡി) മികച്ച പൊതുജന പങ്കാളിത്ത സംരംഭത്തിന്റെ അടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചത്. |

R Jayasree

സെക്ഷൻ ഓഫീസർ